പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5284

15.11.2019-ൽ മറുപടിയ്ക്ക്

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയുടെ നിലവാരം

*ചോദ്യം*

ശ്രീ.റോജി എം. ജോൺ

*ഉത്തരം*

ഡോ.കെ.ടി. ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | എഞ്ചിനീയറിംഗ് പരീക്ഷ ജയിക്കുവാൻ ഓരോ വിഷയത്തിലും വേണ്ട മിനിമം മാർക്കിൽ കുറവ് വരുത്തുവാൻ സാങ്കേതിക സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2019-20 അധ്യയന വർഷം നടപ്പിലാക്കിയ പുതിയ അക്കാഡമിക് കരിക്കുലം അനുസരിച്ച് എഞ്ചിനീയറിംഗ് പരീക്ഷയിൽ ഓരോ വിഷയത്തിനും ജയിക്കുവാൻ വേണ്ട മിനിമം മാർക്ക് 45 ൽ നിന്നും 40 ആയി കുറവ് വരുത്തിയിട്ടുണ്ട്. |
| (ബി) | ഇന്റേണൽ പരീക്ഷയിൽ മിനിമം മാർക്ക് വേണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ടോ; | (ബി) | ഇന്റേണൽ പരീക്ഷക്ക് മിനിമം മാർക്ക് നിർബന്ധമില്ല. മാത്രമല്ല, ഇന്റേണൽ പരീക്ഷ വഴി ലഭിക്കുന്ന മാർക്കുകൾ, യൂണിവേഴ്സിറ്റി പരീക്ഷകൾക്ക് ലഭിക്കുന്ന മാർക്കുകൾക്ക് ആനുപാതികമായി നോർമലൈസ് ചെയ്യപ്പെടുകയും ചെയ്യും. |
| (സി) | പരീക്ഷകളുടെ ക്രെഡിറ്റിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയത്; പ്രസ്തുത മാറ്റങ്ങൾ വരുത്തിയത് എന്തെങ്കിലും പഠനത്തിന്റെയോ ശിപാർശയുടെയോ അടിസ്ഥാനത്തിലാണോയെന്ന് വിശദമാക്കുമോ; | (സി) | എ.ഐ.സി.ടി.ഇ നിർദേശപ്രകാരം നാലുവർഷം ദൈർഘ്യമുള്ള 25 ബി.ടെക് കോഴ്സുകളുടെയും മൊത്തം ക്രെഡിറ്റുകൾ 182 ൽ നിന്നും 162 ആയി കുറച്ചു. ഇതോടെ തിയറി വിഷയങ്ങൾ 45 ൽ നിന്നും 38 ആകും. 150 മാർക്കുള്ള |

| | | | |
|---|---|---|---|
| | | | തിയറി വിഷയങ്ങൾക്ക് 100 മാർക്ക് യൂണിവേഴ് സിറ്റിയുടെ സെമസ്റ്റർ പരീക്ഷകൾക്കും 50 മാർക്ക് ആഭ്യന്തര മൂല്യ നിർണയത്തിനുമായിരിക്കും. |
| (ഡി) | ഇത് എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയുടെ നിലവാരം കുറയ്ക്കുവാൻ ഇടയാക്കില്ലേയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | എഞ്ചിനീയറിംഗ് കോഴ്സിന്റെ ക്രെഡിറ്റിൽ മാറ്റം വരുത്തിയത് ദേശീയ തലത്തിലുള്ള എ.ഐ.സി.ടി.ഇ മാതൃക പാഠ്യ പദ്ധതിക്കനുസരിച്ചാണ്. |

സെക്ഷൻ ഓഫീസർ